പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1459 — 10-02-2020-ലെ മറുപടിയ്ക്ക്

## പ്രധാനമന്ത്രി ഫസൽ ബീമ യോജന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| **(എ)** | പ്രൈം മിനിസ്റ്റർ ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഇൻഷ്വർ ചെയ്യാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **(എ)** | പ്രൈം മിനിസ്റ്റർ ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയുടെ ആനുകൂല്യം ഓരോ സംസ്ഥാനങ്ങളിലേയും പ്രഖ്യാപിത വിളകൾക്കാണ് ലഭ്യമാക്കുന്നത്. കേരളത്തിന്റെ പ്രഖ്യാപിത വിളകളായ നെല്ല്, വാഴ, മരച്ചീനി എന്നിവയ്ക്കാണ് ഈ പദ്ധതിയിലൂടെ ഇൻഷ്വർ ചെയ്യാൻ സാധിക്കുന്നത്. |
| **(ബി)** | 2019-20 വർഷത്തിൽ എത്ര കൃഷിക്കാരാണ് മേൽ പദ്ധതിയിൽ സംസ്ഥാനത്ത് അംഗമായിട്ടുള്ളതെന്ന് അറിയിക്കാമോ; | **(ബി)** | 2019-20 വർഷത്തിൽ ഫസൽ ബീമ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയിൽ ഖാരിഫ് 2019 സീസണിൽ 7792 പേരും റാബി 2019 സീസണിൽ 6769 പേരും അംഗങ്ങളായിട്ടുണ്ട്. |
| **(സി)** | ഈ സാമ്പത്തിക വർഷം മേൽ പദ്ധതിയനുസരിച്ച് ഇൻഷ്വർ ക്ലെയിമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | **(സി)** | 2019-20 വർഷത്തിൽ പ്രധാൻമന്ത്രി ഫസൽ ബീമ യോജന പദ്ധതി പ്രകാരവും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും കർഷകർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതി | സീസൺ | കർഷകർക്ക് അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | PMFBY & RWBCIS | Kharif 2018 | 3,33,00,000 |
| 2 | PMFBY & RWBCIS | Rabi 2018-19 | 7,82,000 |
| 3 | PMFBY & RWBCIS | Kharif 2019 | 4,52,00,000 |

**സെക്ഷൻ ഓഫീസർ**